'അന്യഭാഷാബ്ധിയിൽ ആണ്ടാണ്ടുമുങ്ങിയ
ധന്യതേ നിങ്ങൾതൻ വേല പാഴിൽ'

എന്ന സന്ദേശം സ്വതന്ത്ര കേരളം അവഗണിക്കുന്നതായിട്ടാണ് കാണുന്നത്. മലയാളഭാഷയുടെ നിരാകരണം ഫലത്തിൽ അഖിലേന്ത്യാ പരീക്ഷകളിൽ കേരള വിദ്യാർത്ഥികളുടെ മികവ് കൂട്ടുകയല്ല കുറയ്ക്കുക യാണ് എന്ന് ഞാൻ കരുതുന്നു. ഈ ദുഃസ്ഥിതിക്ക് അടിസ്ഥാനപരമായ പരി ഹാരം കാണാൻ മലയാളഭാഷാ പരിപോഷണവുമായി സർക്കാർ മുന്നിട്ടിറ ങ്ങണം. ഇത്തവണത്തെ എസ്.എസ്.എൽ.സി പരീക്ഷയുടെ റാങ്ക് നിർണ്ണയ ത്തിൽ മാതൃഭാഷയിൽ പരീക്ഷയെഴുതിയ കുട്ടികളുടെ റാങ്കുകൾ പ്രത്യേ കിച്ച് നിർണ്ണയിച്ച് മാതൃകാപരമായി ഇതിന് ആരംഭം കുറിക്കാൻ കേരള ഗവൺമെന്റും ബഹുമാനപ്പെട്ട മന്ത്രിയും മുന്നോട്ടുവന്ന് ഒരു പ്രഖ്യാപനം നടത്തുമെന്ന് ഞാൻ പ്രതീക്ഷിക്കുകയാണ്.

വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി (ശ്രീ.പി.ജെ. ജോസഫ്): ഇംഗ്ലീഷ് മീഡിയം വിദ്യാഭ്യാസം ഈ സംസ്ഥാനത്ത് വേണമോ വേണ്ടയോ എന്നുള്ള അടിസ്ഥാനപരമായ ഒരു വിഷയത്തിലേയ്ക്കാണ് ബഹുമാനപ്പെട്ട മെമ്പർ വിരൽ ചൂണ്ടിയിരിക്കുന്നത്. പ്രൈമറിതലത്തിൽ മാതൃഭാഷയിലായി രിക്കണം പഠിക്കേണ്ടത് എന്നുള്ള കാര്യത്തിൽ രണ്ടഭിപ്രായം ഉണ്ടെന്നുതോ ന്നുന്നില്ല. അത് എങ്ങനെ ഇന്നത്തെ സാഹചര്യത്തിൽ പ്രായോഗികമാക്കാം എന്നുള്ളത് വളരെ ഗൗരവമായി ആലോചിക്കേണ്ട വിഷയമാണ്. നമ്മുടെ സമൂഹത്തിൽ ഇംഗ്ലീഷ് മീഡിയത്തിനോട് കൂടുതൽ താല്പര്യം ഇന്ന് നില നിൽക്കുന്നു. ആ ചിന്താഗതി മാറ്റിയെടുക്കേണ്ടതുണ്ട്.

മി. സ്പീക്കർ : അദ്ദേഹത്തിന് ഇംഗ്ലീഷിനോട് വിരോധമുണ്ടായിട്ടല്ല. അദ്ദേഹം ഇംഗ്ലീഷ് ലിറ്ററേച്ചറിൽ പോസ്റ്റ് ഗ്രാഡുവേറ്റാണ്.

ശ്രീ. പി.ജെ. ജോസഫ് : അതെ, വിരോധമൊന്നുമില്ല.

മി. സ്പീക്കർ : അങ്ങനെയുള്ള ആൾ ആണ് അവതരിപ്പിച്ചത് എന്നു പറയുകയാണ്.

ശ്രീ.പി.ജെ. ജോസഫ് : ഇപ്പോഴത്തെ പ്രധാനപ്പെട്ട ഒരു ചർച്ചാ വിഷയം പ്രൈമറിതലത്തിൽ എങ്ങനെ മലയാളത്തിൽമാത്രം കുട്ടികളെ പഠി പ്പിക്കാം എന്നുള്ളതാണ്. അതിനുശേഷം ഇംഗ്ലീഷ്മീഡിയം ആകട്ടെ എന്നുള്ള അഭിപ്രായമുണ്ട്. പക്ഷെ നിലവിലുള്ള സ്ഥാപനങ്ങളെ എന്തു ചെയ്യും? ഇത്തരം കാര്യങ്ങൾ നമുക്ക് ഗൗരവമായി ആലോചിക്കേണ്ടതുണ്ട്. ഇവിടെ സ്കൂളുകളിൽ കുട്ടികൾ ചേരുമ്പോൾ അവർക്ക് വ്യത്യസ്തമായ രീതിയിൽ റിസൾട്ട് ഉണ്ടാകുമെന്നുള്ള ഒരു ചിന്തയില്ല, പരീക്ഷയെഴുതുമ്പോ ഴുമില്ല. ഇപ്പോൾ ഉടനെ അങ്ങനെയൊരു തീരുമാനമെടുക്കാൻ നമുക്ക് നിവൃ ത്തിയില്ല. എങ്കിലും വളരെ പ്രസക്തിയുള്ള ഈ കാര്യത്തെപ്പറ്റി ഗൗരവ മായി ചർച്ചചെയ്യാം.

(10) പണ്ഡിറ്റ് കറുപ്പന്റെ സാഹിത്യകൃതികൾക്ക് പാഠ്യപദ്ധതിയിൽ പരിഗണന നൽകേണ്ടതിന്റെ ആവശ്യകത

ശ്രീ. ജോൺ ഫെർണാണ്ടസ് : സർ, കവിതിലകൻ പണ്ഡിറ്റ് കറു പ്പന്റെ കൃതികൾ പാഠപുസ്തകഭാഗമായും ഉപപാഠപുസ്തകമായും പഠിപ്പി

LIBRARY ARCHIVES Kerala Legislative Assembly

ക്കുകയെന്നുള്ളതാണ് ഈ സബ്മിഷനിലൂടെ ഞാൻ ഉന്നയിക്കുന്നത്. കേരളം കണ്ട സാമൂഹ്യപരിഷ്കർത്താക്കളിൽ പ്രമുഖനും കവിയും സാഹിത്യകാരനും കൊച്ചി നിയമസഭാംഗവുമായിരുന്ന കവിതിലകൻ പണ്ഡിറ്റ് കറുപ്പൻ അവശ ജനോദ്ധാരകനും കോളേജ് അദ്ധ്യാപകനുമായിരുന്നു. ആ വലിയ വ്യക്തിത്വത്തെ ഇനിയും വേണ്ടവിധത്തിൽ കേരളം ആദരിച്ചിട്ടില്ല. സാമൂഹ്യരംഗത്തെ ഉച്ചനീചത്വങ്ങൾക്ക് എതിരെ ശക്തമായി സമരം നയിക്കുകയും തന്റെ സാഹിത്യകൃതികളിലൂടെ പിന്നോക്കസമുദായങ്ങളും പട്ടികജാതി-പട്ടികവർഗ്ഗവിഭാഗങ്ങളും അനുഭവിച്ചിരുന്ന പീഡനങ്ങൾക്കെതിരെ സമരകാഹളം മുഴക്കുകയും ചെയ്ത കവിതിലകന്റെ ജാതി കമ്മി, ബാലാകലേശം തുടങ്ങിയ കൃതികൾ ഏറെ പ്രസക്തമാണ്. അദ്ദേഹത്തിന്റെ സമ്പൂർണ്ണ കൃതികൾ ഇടക്കഞ്ചി, ജ്ഞാനോദയം സഭ ഇന്ന് പ്രസിദ്ധീകരിച്ചിട്ടുണ്ട്. മത്സ്യത്തൊഴിലാളികളുടേയും ധീവര സമുദായത്തിന്റെയും സംഘടനാ നേതാവ് കൂടിയായിരുന്ന കവിതിലകന്റെ കൃതികൾ കഴിഞ്ഞ അഞ്ച് വർഷത്തിനുള്ളിൽ പാഠപുസ്തകത്തിൽ ഉൾപ്പെടുത്തിയിട്ടില്ലെന്ന് 9-ാം കേരള നിയമസഭയിൽ ഞാൻ ചോദിച്ച 500-ാം നമ്പർ ചോദ്യത്തിന് മറുപടിയായി അറിയിച്ചിട്ടുണ്ട്. വാസ്തവത്തിൽ കഴിഞ്ഞ കുറേവർഷങ്ങളായി അദ്ദേഹത്തിന്റെ കൃതികളെ നമ്മുടെ നാട് അവഗണിച്ചിരിക്കുകയാണ്. അത് പ്രതിഷേധാർഹമാണ്. പണ്ഡിറ്റ് കറുപ്പന്റെ കൃതികളും ജീവിതകഥകളും പാഠപുസ്തകഭാഗങ്ങളായും ഉപപാഠപുസ്തകമായും പാഠ്യപദ്ധതിയിൽ ഉൾപ്പെടുത്താൻ വിദ്യാഭ്യാസ വകുപ്പ് തയ്യാറാകണമെന്ന് ഞാൻ അഭ്യർത്ഥിക്കുന്നു.

വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി (<u>ശ്രീ. പി.ജെ. ജോസഫ്</u>): സർ, പണ്ഡിറ്റ് കറുപ്പന്റെ സംഭാവനകൾ ഇപ്പോൾത്തന്നെ പാഠപുസ്തകങ്ങളിൽ ഉൾക്കൊള്ളിക്കുന്നുണ്ട്. എന്നാൽ, അദ്ദേഹത്തിന്റെ കൃതികൾ ഉപപാഠപുസ്തകമായോ കൃതികളിൽനിന്നുള്ള ഭാഗങ്ങൾ പാഠപുസ്തകഭാഗമായോ പഠിപ്പിക്കുന്നില്ല. 1999-2000 അക്കാദമിക് വർഷത്തിൽ പുറത്തിറക്കേണ്ട പുസ്തകങ്ങൾ ഇപ്പോൾ തയ്യാറാക്കിയിട്ടുണ്ട്. പാഠപുസ്തകങ്ങൾ തയ്യാറാക്കാൻ രൂപീകരിക്കുന്ന ശില്പശാലകൾ വഴിയാണ് ഓരോ ക്ലാസിലേയും പാഠഭാഗങ്ങളിൽ ഉൾപ്പെടുത്തേണ്ട പാഠ്യഭാഗങ്ങൾ തെരഞ്ഞെടുക്കുന്നത്. അപ്രകാരം തെരഞ്ഞെടുക്കുന്ന പാഠഭാഗങ്ങൾ, സംസ്ഥാന കരിക്കുലം കമ്മിറ്റിയുടെ വിശദമായ പരിശോധനയ്ക്കുശേഷമാണ് പ്രസിദ്ധീകരിക്കുന്നതിനായി അനുവദിക്കുന്നത്. അതുകൊണ്ട് വരുംവർഷത്തിൽ തീർച്ചയായും ഇവിടെ പറഞ്ഞ നിർദ്ദേശങ്ങളുടെ അടിസ്ഥാനത്തിൽ പണ്ഡിറ്റ് കറുപ്പന്റെ സംഭാവനകൾ, വിലപ്പെട്ട പുസ്തകങ്ങൾ, അതിലെ ചില ഭാഗങ്ങൾ എന്നിവ കരിക്കുലത്തിൽ ഉൾക്കൊള്ളിക്കുന്ന കാര്യത്തെക്കുറിച്ച് ഗൗരവമായി ആലോചിക്കുന്നതാണ്.

(11) മരം കയറ്റത്തൊഴിലാളികൾക്ക് ആനുകൂല്യങ്ങൾ ലഭ്യമാക്കൽ

<u>ശ്രീ. എ. കണാരൻ</u> : സർ, കേരളത്തിലെ കാർഷിക മേഖലയിലെ പ്രധാനപ്പെട്ട ഒരു വിഭാഗമാണ് തെങ്ങ്, പന, കവുങ്ങ് കയറ്റതൊഴിലാളികൾ. 1975-ലെ കർഷകത്തൊഴിലാളി ക്ഷേമനിധി നിയമപ്രകാരം തെങ്ങ് കയറ്റതൊഴിലാളികളെ മാത്രം കർഷകത്തൊഴിലാളികളായി പരിഗണിച്ചുവരുന്നുണ്ട്. ഏറ്റവുമധികം അപകടം സംഭവിക്കാവുന്ന മേഖലയിൽ പണിയെടുക്കുന്നവരാണ് അവർ. കഠിനവും സാഹസികവുമായ തൊഴിലിൽ ഏർപ്പെട്ടി

LIBRARY ARCHIVES Kerala Legislative Assembly